**ബിംസ്ടെക് ദേശീയ സുരക്ഷാ മുഖ്യൻമാരുടെ പ്രഥമ യോഗം (മാർച്ച് 21, 2017)**

മാർച്ച് 21, 2017

ഒക്ടോബര് 16, 2016 നു ഇന്ത്യയിലെ ഗോവയില് നടന്ന ബിംസ്ടെക് നേതാക്കളുടെ റിട്രീറ്റില് എടുക്കപ്പെട്ട തീരുമാനങ്ങളുടെ തുടർച്ചയായി ബിംസ്ടെക് അംഗരാജ്യങ്ങളിലെ ദേശീയ സുരക്ഷാ മുഖ്യൻമാരുടെ പ്രഥമ യോഗത്തിന് ന്യൂഡെൽഹിയില് മാർച്ച് 21, 2017 നു ഇന്ത്യ ആതിഥ്യം വഹിച്ചു

ബംഗ്ലാദേശ് പ്രധാനമന്ത്രിയുടെ പ്രതിരോധ-സുരക്ഷാ ഉപദേഷ്ടാവ് മേജര് ജനറല് (റിട്ട.) താരിഖ് അഹമ്മദ് സിദ്ദിഖ് ; ഭൂട്ടാന് ആഭ്യന്തര-സാംസക്കാരിക കാര്യ മന്ത്രാലയം സെക്രട്ടറി ശ്രീ സോനം ടോപ്ഗേ ; മ്യാന്മാര് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ താവുങ് ടുന്; നേപ്പാള് ആംഡ് പോലീസ് സേന, ഇൻസ്പെക്ടര് ജനറല് ശ്രീ സിംഗ ബഹാദൂര്; സെമോക്രാറ്റിഉക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്കയിലെ മിലിറ്ററി ഇന്റലിജൻസ് ഡിറക്ടര് ബ്രിഗേ. എം.ഡി.യു.വി ഗുണതിലക ; കിംഗ്ഡം ഓഫ് തായിലാണ്ടിലെ ദേശീയ സുരക്ഷാ കൌൺസില് ഡെപ്യൂട്ടി സെക്രട്ടറി ജനറല് ശ്രീ വെര ഉറൈറാറ്റ് , ബിംസ്ടെക് സെക്രട്ടറി ജനറല് ശ്രീ സുമിത് നകാണ്ഡല എന്നിവര് പങ്കെടുത്ത യോഗത്തില് ഇന്ത്യയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത്ത് ദോവല് അദ്ധ്യക്ഷനായിരുന്നു.

അവര് ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി

ബിംസ്ടെക് അംഗരാജ്യങ്ങള് പൊതു സുരക്ഷാ വെല്ലുവിളികള് നേരിടുന്നു എന്നും മേഖലയിലെ സാമ്പത്തിക പുരോഗതിയെയും മനുഷ്യ സുരക്ഷയേയും യോജിപ്പിക്കുവാന് പരമ്പരാഗതവും പരമ്പരാഗതമല്ലാത്തതുമായ സുരക്ഷാ വെല്ലുവിളികളെ നേരിടേണ്ടതിന്റെ ആവശ്യകതയെ യോഗം അടിവരയിട്ടു പറയുകയുണ്ടായി. ബംഗാള് ഉൾക്കടലിനെ പൊതു സുരക്ഷാ ഇടമായി തിരിച്ചറിയുവാനുള്ള പ്രാധാന്യം യോഗം ഊന്നിപ്പറയുകയും പൊതു

ഉത്തരവാദിത്തങ്ങൾക്ക് വേണ്ടി കൂട്ടായ തന്ത്രങ്ങള് ഉണ്ടാക്കുവാനും യോഗം തീരുമാനിച്ചു

ബംഗാള് ഉൾക്കടല് മേഖലയില് സമാധാനത്തിനും സ്ഥിരതക്കും ഏക പ്രധാന ഭീഷണിയായി തീവ്രവാദമാണ് തുടരുന്നതെന്നതിനാല് , അതിനെ പ്രതിരോധിക്കുവാനും തീവ്രവാദം , അക്രമ തീവ്രവാദം , മൌലികവാദം എന്നിവ പടരുന്നത് തടയുക എന്നതിനാവശ്യമായ ത്വരിത നടപടികളുടെ ആവശ്യം യോഗം തിരിച്ചറിയുകയും , അതോടൊപ്പം നിയമ നടപ്പാക്കല്, ഇന്റലിജൻസ് , സുരക്ഷാ സംഘടനകള് എന്നിവയ്ക്കിടയില് സഹകരണം , ഏകോപനം എന്നിവ വർദ്ധിപ്പിക്കുന്നതിനു ആവ്ശ്യമായ ഉറച്ച നടപടികള് എടുക്കുവാനും കാര്യ ശേഷി നിർമാണം വർദ്ധിപ്പിക്കുവാനും തീരുമാനിച്ചു . ബിംസ്ടെക് അംഗരാജ്യങ്ങളെ ഇന്ത്യ ആഥിത്യമരുളുന്ന മൌലികവാദത്തെ പ്രതിരോധിക്കുന്ന സമ്മേളനത്തിലേക്കും ക്ഷണിക്കുകയുണ്ടായി

സൈബര് സ്പേസില് ഉയരുന്ന പ്രവണതകള് വഴി അഭിമുഖീകരിക്കേണ്ട സുരക്ഷാ പ്രശ്നങ്ങളിലെ ഉത്കണ്ഠ യോഗം വിലയിരുത്ത്, സൈബര് സുരക്ഷക്ക് വേണ്ടി ശക്തമായ സഹകരണത്തിനുള്ള ഒരു സംയുക്ത ഫോറം സൈബര് സ്ഥാപനങ്ങള് വഴി ആരംഭിക്കുവാന് യോഗം തീരുമാനിച്ചു

ബിംസ്ടെക്ക് അംഗ രാജ്യങ്ങളിലെ ക്ഷേമം, പുരോഗതി, സുരക്ഷാ, സാമൂഹ്യ- സാമ്പത്തിക വികസനം എന്നിവയില് ബംഗാള് ഉൾക്കടല് പ്രാധാന്യം കണക്കിലെടുത്തു സമുദ്രകാര്യ സുരക്ഷക്ക്കൂടുതല് പ്രാമുഖ്യം നല്കണം എന്നു യോഗം ഊന്നി പറഞ്ഞു, അതോടൊപ്പം മാനുഷിക സഹായവും ദുരിതാശ്വാസവും (Humanitarian Assistance and Disaster Relief (HADR) ഉൾപ്പെടെ സമുദ്രകാര്യ സുരക്ഷാ സഹകരണം, കൂടുതല് ശക്തമാക്കുവാനുള്ള മാർഗങ്ങള് തേടാനും തീരുമാനിച്ചു

സുരക്ഷാ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് വേണ്ടി ഉയർന്നു വരുന്ന സ്പേസ് സാങ്കേതിക വിദ്യകളെ യോജിപ്പിക്കുന്നതിലെ മാർഗങ്ങള് , രീതികള് എന്നിവ യോഗം ചർച്ച ചെയ്തു

തീവ്രവാദത്തെയും ട്രാൻസ് നാഷണല് കുറ്റങ്ങളെയും പ്രതിരോധിക്കുവാനുള്ള ബിംസ്ടെക് സംയുക്ത കർമ്മ സംഘത്തിന്റെയും ഉപ സംഘങ്ങളുടെയും പുരോഗതിയെ യോഗം വിലയിരുത്തി,

അവരുടെ പ്രവര്‍ത്തനങ്ങള് നടപ്പാക്കുന്നതില്  ബിംസ്ടെക് ദേശീയ സുരക്ഷാ മുഖ്യര്/ ഉപദേഷ്ടാക്കള് എന്നിവര് മേല്‍നോട്ടം വഹിക്കുമെന്നും തീരുമാനിച്ചു .

ബിംസ്ടെക് തന്ത്രപ്രധാന സമൂഹത്തില് സുരക്ഷാ സംഭാഷണങ്ങള് പ്രോത്സാഹിപ്പിക്കുവാനും  വര്‍ദ്ധിപ്പിക്കുവവാനും  ലക്ഷ്യമിട്ട് കൊണ്ട് ഒരു ട്രാക്ക് 1.5 ബിംസ്ടെക് സുരക്ഷാ സംഭാഷണ ഫോറം സ്ഥാപിക്കുവാനായി  യോഗം തീരുമാനിച്ചു ,

ഹിമാലയന്- ബംഗാള് ഉള്‍ക്കടല്  പാരിസ്ഥിതിക സംവിധാനങ്ങള്‍ക്കിടയിലെ ആഭ്യന്തര ബന്ധങ്ങള് കണക്കിലെടുക്കുന്നത് യോഗം പരിഗണിച്ചു , ഇതിലൂടെ പാരിസ്ഥിതിക സംവിധാനങ്ങളുടെ ആരോഗ്യാവസ്ഥകളും മനുഷ്യ സുരക്ഷയില് അതിന്റെ ആഘാതങ്ങളും പഠിക്കുവാന്  ശാസ്ത്ര സ്ഥാപനങ്ങളെ ഒരുമിച്ച് കൊണ്ടുവരാനുതകുന്ന തരത്തില്  ഒരു  ബിംസ്ടെക് ഹിമാലയന് സയന്‍സ് കൌണ്‍സില് ആര്‍ംഭിക്കുന്ന കാര്യം യോഗം പരിഗണിച്ചു

സുരക്ഷയുമായി ബന്ധപ്പെട്ട മേഖലകളിലെ കാര്യശേഷി നിര്‍മാണത്തിന് ഇന്ത്യ നൂറു സ്കോളര്‍ഷിപ്പുകള് വാഗ്ദാനം ചെയ്തു.

ബിംസ്ടെക് ലക്ഷ്യങ്ങള് നേടുവാനുള്ള മാര്‍ഗങ്ങളില് സുരക്ഷാ സഹകരണത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് വാര്‍ഷിക യോഗങ്ങള് നടത്താന് തീരുമാനമായി . അടുത്ത യോഗത്തിന് ആതിഥ്യം ഏകാമെന്ന  ബംഗ്ലാദേശിന്റെ വാഗ്ദാനത്തെ യോഗം സ്വാഗതം ചെയ്തു

ന്യൂഡെല്‍ഹി
മാര്‍ച്ച് 21, 2017